

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS







# ഇ-മൊഴി ഡിജിറ്റൽമാഗസിൻ

## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

## ഗവ.: ഹയർ സെക്കന്ററി സ്കൂൾ കാക്കാഴം

അമ്പലപ്പുഴ ഉപജില്ല - ആലപ്പുഴ ജില്ല



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

little KITEs

# ഗവ:എച്ച്.എസ്.എസ്.കാക്കാഴം



# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | ജുവൽ എസ് |
| സബ് എഡിറ്റർ | അനന്തകൃഷ്ണൻ ബി<br>ജയലക്ഷ്മി വി നായർ<br>നന്ദിനി ജെ<br>നന്ദന എസ്<br>അഖില<br>ഷിഫാന എ<br>ഫാത്തിമ<br>കാശിവിശ്വേശ്വരൻ |
| സ്റ്റാഫ് എഡിറ്റർ | ഷാജഹാൻ ഇ |



# സമർപ്പണം

ഉപഭോക്താവിന്റെ മേൽ സ്വകാര്യ സോഫ്റ്റ് വെയറുകൾ അടിച്ചേൽപ്പിച്ച നിഷേധാത്മക, നിയന്ത്രണങ്ങൾക്കെതിരെ, സ്വതന്ത്ര സോഫ്റ്റ് വെയർ എന്ന മഹാപ്രസ്ഥാനത്തിന് വിത്തുപാകിയ

## റിച്ചാർഡ് മാത്യൂ സ്റ്റാൾമാന്……..








# സന്ദേശം

**ഐ**.സി.ടി ശാക്തികൃത വിദ്യാഭ്യാസം ലക്ഷ്യം വെക്കുന്ന നമുക്ക് ലിറ്റിൽ കൈറ്റ്സ് പോലെയുള്ള ഐ.ടി കൂട്ടായ്മകൾ അത്യന്താപേക്ഷിതമാണ്. പഠനം താൽപര്യജനകവും ആയാസരഹിതവുമായി തീരാൻ ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ചുള്ള അധ്യാപനം ഫലപ്രദമാണെന്ന് കാലം തെളിയിച്ചു കൊണ്ടിരിക്കുകയാണ് നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ തയ്യാറാക്കിയ 'ഇ-മൊഴി' ഡിജിറ്റൽ മാഗസിൻ എന്ന സംരംഭത്തിന് എല്ലാവിധ അനുഗ്രഹങ്ങളും നേരുന്നു.

-ആശംസകളോടെ
ഹെഡ്മിസ്ട്രസ്
**വിഷ്ണുകുമാരി സി**





# എഡിറ്റോറിയൽ

ക്ലാസ് മുറികൾ സാങ്കേതികവിദ്യയുടെ കലാശാലകളാകുമ്പോൾ പോയ തലമുറ പരിഭവിക്കുന്നുണ്ടാവാം തങ്ങൾക്കുകിട്ടാതെപോയ സൗഭാഗ്യത്തെയോർത്ത് .

ക്ലാസ് മുറികൾ ഇന്ന് ഉത്സവ ലഹരിയിലാണ്...

പാഠപുസ്തകത്തിൽ കണ്ടതൊക്കെ കൺമുന്നിൽ ചലിക്കുന്ന ചിത്രങ്ങളാകുന്നു.

അതിരുകളില്ലാത്ത ലോകം.

ഉല്ലാസം,യുദ്ധത്തിന്റെ ഭീകരതകൾ ,സ്വതന്ത്ര്യസമര ചരിത്രങ്ങൾ,ജീവൻ തുടിക്കുന്ന കവിതകൾ,സ്വന്തം കൃതിയുടെ ഡിജിറ്റൽ കാഴ്ചകൾ.

ആസ്വാദനത്തിന്റെ പുതിയ മേച്ചിൽ പുറങ്ങൾ......

ഐ.ടിയുടെ കൂട്ടായ്മകൾ സൃഷ്ടിക്കുന്ന പുതിയ ലോകം.....

ഒരു പ്രാർഥനയേ ഉള്ളൂ.....

എല്ലാ കൂട്ടുകാർക്കും ഇതൊക്കെ കിട്ടണേയെന്ന്.....

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ സംരംഭമായ 'ഇ-മൊഴി' മാഗസിൻ കൈറ്റ്സ് അംഗങ്ങൾക്കൊപ്പം അധ്യാപകരും സഹായിച്ചിട്ടുണ്ട്.

എല്ലാവർക്കും വേണ്ടി......

ചീഫ് എഡിറ്റർ

ജുവൽ എസ്



# ആശംസ

ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനുവേണ്ടി ഹൈസ്കൂൾ തലത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാസിക എന്ന ഉദ്യമത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ.

**ചന്ദ്രികാദേവി കുഞ്ഞമ്മ**

(സീനിയർ അധ്യാപിക)




# ആശംസ

കംപ്യൂട്ടറുകളുടെ പ്രവർത്തനവും പരിചരണവും പഠനവും കുട്ടികളിലൂടെ ലക്ഷ്യം വെച്ച് കൊണ്ട് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് എസ്.എം.സിയുടെ മുഴുവൻ പിൻതുണയുണ്ടാവും

ആശംസകളോടെ

എസ്.എം.സി പ്രസിഡന്റ്

**പ്രിൻസ് വി കമ്പിയിൽ**



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs



# ആശംസ

ഡിജിറ്റൽ സാങ്കേതികവിദ്യ കുട്ടികളിലൂടെ സമൂഹത്തിനാകമാനം പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് ഹൃദയം നിറഞ്ഞ ആശംസകൾ

സസ്നേഹം

**കെ ആർ രഞ്ജിനി**

(എസ്. ഐ. ടി. സി.)





# ആശംസ

**ഡി**ജിറ്റൽ സാങ്കേതികവിദ്യ സാഹിത്യത്തിന്റെ എല്ലാ മേഖല കളിലേക്കും പുതിയ പാതകൾ വെട്ടിത്തുറന്നിരിക്കുകയാ ണ്. ദ്രുത ഗതിയി ൽ പുരോഗമിക്കുന്ന, വേഗത മാറിക്കൊണ്ടിരി ക്കുന്ന,ഈ മത്സര ലോകത്തെ അതിജീ വിച്ചുകൊണ്ടാണ് നമ്മുടെ മക്കൾ വളർന്നു മുന്നേറേണ്ടത്. അതിനായി അവരെ പ്രാപ്തരാ ക്കേണ്ടതുണ്ട്. അതിനൊരു മാർഗമായി ലിറ്റിൽ കൈറ്റ്സിനെ കാണണം. ലിറ്റിൽ കൈറ്റ്സ് ക്രൂട്ടു കാരുടെ ഈ ഡിജിറ്റൽ ഉദ്യമത്തിന് ഒരായിരം ആശംസകൾ.........

**ഷാജഹാൻ.ഇ**

(കൈറ്റ് മാസ്റ്റർ)



# താളുകൾ മറിയുമ്പോൾ..........


1 അനർഘ നിമിഷങ്ങൾ..........................................................................

2 താരങ്ങൾ..........................................................................

3 ഇതിഹാസത്തിന്റെ ഇതിഹാസം..........................................................................

4 ഹർത്താൽ..........................................................................

5 പ്രളയം..........................................................................

6 പ്രളയം..........................................................................

7 Friendship..........................................................................

8 വിഷു..........................................................................

9 Mobile phone..........................................................................

10 വായനശീലം കംപ്യൂട്ടർ യുഗത്തിൽ..........................................................................

11 പൊതുവിജ്ഞാനം..........................................................................

12 പ്രണയ വിലാപം..........................................................................

13 വരവിരുത്..........................................................................

14 സംസ്ഥാനങ്ങളിലെ നൃത്തരൂപങ്ങൾ..........................................................................

15 വിവരാവകാശ നിയമം..........................................................................

16 ഞാറ്റുവേല..........................................................................

17 നിന്റെ ഓർമ്മകൾ..........................................................................

18 സി വി ശ്രീരാമൻ..........................................................................

19 മഹാകവി വള്ളത്തോൾ..........................................................................

20 കടങ്കഥകൾ..........................................................................

21 തെങ്ങിന്റെ സ്വദേശം..........................................................................

22 പുതുവർഷം..........................................................................

23 നന്ദി..........................................................................




# അനർഘ നിമിഷങ്ങൾ



...ബാഗ് വിതരണം

സൈക്കിൾ വിതരണം





ഹൈടെക് ക്ലാസ്റൂം ഉത്ഘാടനം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs














# *താരങ്ങൾ*





## സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്തവർ



# ഇതിഹാസത്തിന്റെ ഇതിഹാസം

ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും ഇന്നും പുനർവായനയ്ക്ക് സാധ്യതയുള്ള ആനശ്വര ഖനികളാണ്. ഈ കൃതികളിലെ കഥാപാത്രങ്ങളേയും, സന്ദർഭങ്ങളേയും അടിസ്ഥാനമാക്കി നിരവധി സൃഷ്ടികൾ മലയാളത്തിലടക്കം ഉണ്ടായിട്ടുമുണ്ട്. എന്നാൽ കാര്യമായ പഠനം നടന്നിട്ടുണ്ടോ എന്ന ചോദ്യം അവശേഷിക്കുന്നു. കുട്ടികൃഷ്ണമാരാരുടെ രാജാങ്കണവും, ഭാരതപര്യടനവും ഇതിഹാസങ്ങളുടെ യഥാർത്ഥ പുനർവായനയാണ്. ഋഷികവികൾ സൂചിപ്പിച്ചിട്ടുള്ളതും, എന്നാൽ വായനക്കാരായ നമ്മിലേക്ക് എത്തിയിട്ടില്ലാത്തതുമായ സന്ദർഭങ്ങളുടെ കഥാപാത്രങ്ങളും രാമായണത്തിലും മഹാഭാരതത്തിലുമുണ്ട്. ഉദാഹരണത്തിന് നിഷ്ക്രിയനായ യുധിഷ്ഠിരൻ, പകയുടെ മൂർത്തിയായ അശ്വത്ഥാമാവ്, ആദർഷനായകനായ കണ്ണൻ, കരുത്തനായ ദുര്യോധനൻ ഇങ്ങനെ പോകുന്നു. ഇത് സംബന്ധിച്ച യഥാർത്ഥ പഠനവും, പുനർവായനയുമാണ് ഭാരത പര്യടനം. അതെ ഇതിഹാസത്തിന്റെ ഇതിഹാസമാണ് ഈ മാരാർകൃതി!

**എം മനോജ്**

(മലയാളം അധ്യാപകൻ)



# ഹർത്താൽ



ഞായറാഴ്ച്ചയേക്കാൾ നിശബ്ദമായ
പാതകളിൽ സൈക്കിൾ നാദം മുഴങ്ങുന്ന,
മലിനീകരണം കുറഞ്ഞ. മലയാളിയുടെ
തീവ്രാലസ്യത്തിന്റെ പകൽ.
റോഡുകൾ നിശബ്ദം, വീടുകൾ സജീവം .
അയകളിൽ വസ്ത്രങ്ങൾ ഉണങ്ങുന്നു.
വിശ്രമമില്ലാതെ ടെലിവിഷൻ.
മദ്യമണമോടെ കാലുറക്കാതെ ചില കാറ്റുകൾ.
അവശേഷിക്കുന്ന പെട്രോളുമായി
ബൈക്കുകളുടെ അലസസഞ്ചാരം.
ഇതത്രേ ഉത്സവം
ഓണംപോലെ മലയാളിക്കു മാത്രം സ്വന്തം.

**സി ഷാജീവ്**
(മലയാളം അധ്യാപകൻ)



# പ്രളയം


കേരളത്തിലെ വെള്ളപ്പൊക്കവും മടവീഴ്ച്ചയും ഉരുൾപ്പൊട്ടലും എനിക്ക് പുതിയ അനുഭവമായിരുന്നു. അത്തരം സാഹചര്യങ്ങളെ കുറിച്ചുള്ള കാര്യങ്ങൾ കേട്ടും പഠിച്ചുമുള്ള കേവലമായ അറിവിലൂടെയാണ് ഞാൻ ഈ വെള്ളപ്പൊക്കത്തെ നേരിൽ കണ്ടത്. മുറ്റത്ത് പൊങ്ങിയ മുട്ടോളം വെള്ളത്തിന്റെ കയ്പ്പേ എനിക്കറിയൂ.ആ കയ്പിൽ നിന്ന് നേരിയ ചൊറിച്ചിലോടെ വീടിനകത്ത് കയറി.ടിവി ഓണാക്കിയപ്പോൾ, പഴയതിലുമധികം വെള്ളം കയറിയ നൂറുകണക്കിന് വീടുകൾ കഴുത്തോളം വെള്ളത്തിൽ സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോകുന്ന ആളുകൾ, മേൽക്കൂരമാത്രം കാണാവുന്ന വീടുകൾക്കിടയിലൂടെ തോണികളിൽ പോകുന്നവർ ആകെ അസ്വസ്ഥപ്പെടുത്തുന്ന കാഴ്ച്ചകളാണ് ടിവിയിൽനിറഞ്ഞുനിന്നത്. വീടുകൾ 80% മുങ്ങിയിട്ടും അവിടം വിട്ടുപോകാത്തവരെക്കുറിച്ചാണ് ഞാൻ ആലോചിച്ചത്.തീർത്തും ഒറ്റപ്പെട്ടുപോയ ആ വീട്ടിലെ ആൾക്കാർ എങ്ങനെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുമെന്ന ചിന്ത എന്റെ മനസ്സിനെ വല്ലാതെ അലട്ടി.

ഇടയ്ക്ക് വിട്ടുനിന്ന മഴ ആഴ്ച്ചകളുടെ ഇടവേളയിൽ കലിതുള്ളി.ഒടുവിൽ എത്തിയ പ്രളയം എന്റെ നാടിനെ അക്ഷരാർത്ഥത്തിൽ മുക്കി. ഞങ്ങൾ കുടുങ്ങിക്കിടക്കുന്നുവെന്നോ ബന്ധുക്കൾ ഉൾപ്രദേശത്ത് കുടുങ്ങിക്കിടക്കുന്നുവെന്നോ ഉള്ള ആവലാതികളുമായി മൊബൈൽ ഫോണുകൾ നിർത്താതെ ചിലച്ച നിമിഷങ്ങളായിരിന്നു അത്.രക്ഷാബോട്ടിൽ സാധനങ്ങൾക്കിടയിൽ പട്ടിയെയും പൂച്ചയെയും കയറ്റി മറുകര തേടുന്നവരുടെ മുഖത്തിൽ ഭയാശങ്കകൾ സിറിയയിൽ നിന്നുള്ള പലായനത്തിന്റേയും രോഹിംഗ്യൻ അഭയാർഥികളുടേയും കണ്ടുമറന്ന ഭയാശങ്കകൾക്ക് തുല്യമായിരുന്നു. നിസ്സഹായവസ്ഥയും വാർദ്ധക്യവും കാരണം അവശതകൾ നേരിടുന്നവരടക്കം സഹായിക്കാനുള്ള ഒരു നാടിന്റെ മത്സരവും ആലപ്പുഴയിൽ അന്നു കണ്ടു. കെടുതികളുടെ കാഴ്ച്ചകൾ അശാന്തമാക്കിയ മനസ്സിനെ വലിയതോതിൽ പിടിച്ചുനിർത്തുന്നതായിരുന്നു ആ രക്ഷാദൗത്യവും അതിനു പൊതുസമൂഹം നൽകിയ അളവറ്റ പിന്തുണയും.ആലപ്പുഴയിലെ സബ്കളക്ടറും മറ്റ് ഭരണാധികാരികളും പ്രളയരക്ഷാപ്രവർത്തനത്തിലൂടെ നമ്മെ അത്ഭുതപ്പെടുത്തി.വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പഠിത്തമില്ല എന്നത് പതിവുപോലെ നിറഞ്ഞു നിന്നു.

**–അർച്ചന ദാസ്, 9 F**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# പ്രളയം



വെള്ളം നിറഞ്ഞ് കവിഞ്ഞ നേരം വീട്ടിൽ ഒറ്റക്കപ്പെട്ട അനിയനെയും കെട്ടിപ്പിടിച്ച് രക്ഷാപ്രവർത്തനം കാത്തിരിക്കുന്ന ചേച്ചി വെള്ളം കൂടികൂടി വന്നപ്പോൾ മരിക്കുമെന്ന് തോന്നിയപ്പോൾ അടുത്തിരുന്ന കടലാസിൽ അവരോട് പറയാനുള്ളത് എഴുതിവെയ്ക്കുന്നു.

എന്നൊരു സാഹചര്യം...........വയൽ നിറഞ്ഞ് കവിയുന്ന വെള്ളവും

കൺ നിറഞ്ഞൊഴുകുന്ന കണ്ണീരും
മുറ്റമെന്ന് പറയുവാമെങ്കിലും
മൂടിയായി കിടപ്പിതു വെള്ളവും
കൂട്ടിവെച്ച കിനാവും കിടപ്പാടം
ഒക്കെ ഇന്നോടലിഞ്ഞങ്ങു തീർന്നപോൽ
സ്ക്കൂള് കണ്ടിട്ട് കാലവുമെത്രയായ്
മാറിയില്ലല്ലോ ഈ പുഴാവസ്ഥകൾ
ഇനിയും ഇവിടേക്ക് വെള്ളം കവിഞ്ഞാൽ
ഉയരും നാവും മനുഷ്യനുമില്ല
ദുരിതം എന്ന് പറഞ്ഞ് തീർക്കല്ലേ
മരണം ആകുമെന്നും പറയല്ലേ

നടുവിലൊറ്റയ്ക്ക് കാത്തതു നിങ്ങളെ
കരയും അനിയനും തേടിയേ നിങ്ങളെ
തളരും വയറിന്നു താങ്ങുവാൻ വയ്യ
തകരും മനസ്സും മരിക്കുന്നു വേഗം
നാലുപാടും വെള്ളങ്ങൾ മാത്രം
മാനുമില്ലാ മനുഷ്യനുമില്ലാ...
ഓടിമാറിയില്ലേ അടുത്തുള്ളവർ
ദൂരെ പോയില്ലേ വീടോടെ പൂട്ടി
മരണം വന്നങ്ങു കൊണ്ടുപോകുമ്പോൾ
ഒഴുകിയെത്തുമീ കടലാസു നിന്മുന്നിൽ

കാത്തു നിന്ന പ്രിയപ്പെട്ട രക്ഷേ
കാലമെന്നെ പിരിച്ചിടുന്നിപ്പോൾ
വരികൾ മാത്രം നിനക്കുള്ള മുത്തം
വരികയാണെങ്കിൽ കണ്ടുമടങ്ങിടാം

**–ഷിഫാന എ, 9 ഡി**



# FRIENDSHIP

"What is friendship? What is this relationship?" we have often sought answers to these questions ,yet , we have never come up with an adequate answer .This is because this relationship is an amalgamation of beautiful and complex feelings which may not often be described in words . Designing a relationship is not easy as there are many facts to it. however we don't need a bench of words to make us realise the deep meaning of friendship .

"FRIENDSHIP is the inexpressible comfort of feeling safe with a person,having neither to weigh thoughts nor measure words" this heart warming expression captures the essence of friendship. When two people sharing a strong bond of mutual understanding,respect and love , it lase the foundation for an everlasting friendship. This bond just gets stronger with time. The trust between the two people grows and so does the attachment .this is the beauty of the relationship and is the essential meaning of friendship. Being friends means being there for each other. The benefits of the doubt. Ideally the meaning of friendship is to make 'life's burdens lighter for our friends.

The answer to what is the meaning of friendship is with in our hearts because true friendship can only be felt and not expressed. something so pure essential is not always visible to the eye but is felt by the hearts . Pass it to someone who is a friend—

***when you are sad - I will dry your tears***
***when you are scared —I will comfort your fears***
***when you are worried —I will give you hope***
***when you are confused —I will help you cope***
***when you are lost —and can't see the light,***
***I shall be your beacon shining ever so bright .***
***This is my oath —I pledge till the end***
***why,you may ask - because you are my FRIEND .***




**NANDINI .J, 9 D**

# വിഷു



കേരളത്തിലെ പ്രധാനപ്പെട്ട ഒരു കാർഷികോത്സവമാണ് വിഷു. മേടമാസത്തിലെ ഒന്നാം തിയതി യാണ് വിഷു ആഘോഷിക്കുന്നത്. വിഷുനാളിൽ മലയാളികൾ അതിരാ വിലെ തന്നെ ഇഷ്ടഭഗവാ നായ കണ്ണനെ കണി കണ്ടുണരു ന്നു. തലേന്നുതന്നെ കണിവെള്ളരി, കണിക്കൊന്ന, വിവിധ ഫല ങ്ങൾ, അരി, അവൽ, നാണയം, വാൽക്കണ്ണാടി, തുടങ്ങി നിരവധി വസ്തുക്കൾ കൃഷ്ണപ്രതിമയും ചേർ ത്ത് വിഷുകണിയൊരുക്കുന്നു. കൃഷിയുടേയും സ ന്തോഷത്തി ന്റേയും പ്രതീകമായ ഈ ദിവസം മുതിർ ന്നവർ കുട്ടികൾക്ക് കൈനീട്ടം നൽകു ന്നത് പതിവാണ്. ഈ ദിനത്തിൽ കേരളീയർ പുത്തൻ വസ്ത്ര ങ്ങളണിഞ്ഞ് അമ്പ ലങ്ങൾ സന്ദർശിക്കാറുണ്ട്. കുംടും ബാംഗങ്ങൾ ഒത്തുകൂടുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യു ന്ന വിഷുദിനം അധ്വാനത്തിന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കുന്നവ യാണ്. അതോടൊ പ്പം തന്നെ വരും വർഷത്തെ സമൃദ്ധിക്കു വേണ്ടിയുള്ള പ്രാർത്ഥന കൂടിയാണ്. ദരിദ്രനെ ന്നോ സമ്പന്നനെന്നോ വ്യത്യാസമില്ലാതെ, ദുഖവും വിദ്വേഷവും മറന്ന് എല്ലാവരും ഒരുമിച്ച് സ ന്തോഷത്തോടെ പടക്കങ്ങൾ പൊട്ടിക്കുകയും ചെയ്യുന്നു.

കേരളത്തിൽ മാത്രമല്ല, കേരളത്തിന്റെ സമീപ പ്രദേശങ്ങളിലും വിഷു ആഘോ ഷിക്കാറുണ്ട്. എന്നാൽ കേരളീയരാണ് വിഷുവിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. ഓ ണവും ക്രിസ്തുമ സും ഈദും പോലെ തന്നെ വിഷുവും നാം മുടങ്ങാതെ ആഘോഷിക്കുന്നു. പൊലിക പൊലിക ദൈ വമേ തൻ നെൽ പൊലിക എന്നും മറ്റുമുള്ള പുള്ളുവപ്പാട്ടും വിഷു വിന്റെ ഐശ്വര്യദായക സ്വഭാവ ത്തെയാണ് കാണിക്കുന്നത്. വിഷുനാളിലെ നമ്മുടെ പ്രവ ർത്തനങ്ങളുടെ ഫലങ്ങൾ ഒരു കൊല്ലക്കാ ലം നിലനിൽക്കുന്നു എന്നാണ് വിശ്വാസം. കേര ളത്തിൽ ശ്രീകൃഷ്ണന്റെ ആരാധനയുമായി ബന്ധ പ്പെട്ടു വിഷുവിനു വലിയ പ്രാധാന്യമുണ്ട്. ഗുരുവായൂർ പോലെയുള്ള ശ്രീകൃഷ്ണക്ഷേത്രങ്ങളിൽ മേടവി ഷു വളരെ പ്രാധാന്യത്തോടെ തന്നെ ആഘോഷിക്കുന്നു.

**അനന്തകൃഷ്ണൻ ബി, 9 A**

# MOBILE PHONE

mobile phone is a device that brought about a revolution in communication recently. This new technology has created a novel culture in the world. Each day, changes are taking places in the field of mobile phone use. Just like any other technology mobile phone is also being misused by people. The terrorists and the criminal underworld are using this means of communication for their vicious activities. Mobile phone is also acts as the villain behind many accidents and other problems.

It is no use putting the blame on the mobile technology for all problems created through it. What really matters is people's attitude. This device should be used with care. Problems like radiation should not be neglected. The use of mobiles by children should be strictly controlled. With the facilities of computers being included in the mobiles, there has been a sudden leap in this means of communication. our society will make progress only if these facilities are used in the right way.

It is necessary to create an awareness among children regarding the use of mobile phones. We cannot neglect the problems created by the mobile culture. Every technology has its own merits and drawbacks what we should do is keep the evils away. There is no way of avoiding such facilities now. So we should have the common sense to use them in the correct manner. Otherwise, we would be inviting danger to ourselves.



**-Parvathy S**
**IX D**

# വായനശീലം

# കമ്പ്യൂട്ടർ യുഗത്തിൽ

വിവരസാങ്കേതികവിദ്യയുടെ അത്ഭുത ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ലോകം നമ്മുടെ വിരൽത്തു മ്പിലേക്ക് ചുരുങ്ങിയിരിക്കുന്നു. പ്രപഞ്ചത്തിലെ ഏതു പ്രതിഭാസങ്ങളും നിഗൂഢതകളും ഒരു മൗസ് ക്ലിക്കിൽ നമു ക്കുമുന്നിൽ അനാവരണം. ചെയ്യപ്പെടും ഒരായിരം മസ്തിഷ്കങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചാൽപോലും എത്താനാവാ ത്ത വേഗത്തിൽ, ഗണിതക്രിയകൾ, ശാസ്ത്രീയ വിശകലനങ്ങൾ, പ്രവചനങ്ങൾ എല്ലാം നമുക്കുമുന്നിൽ നിമിഷാർ ധത്തിൽ പ്രത്യക്ഷമാകുന്നു. നമുക്കുവേണ്ടത് എന്തൊക്കെയായാലും, എത്രമാത്രം വേണമെങ്കിലും, എത്രകാലം വേ ണമെങ്കിലും സൂക്ഷിച്ചുവെക്കാൻ ഒരിക്കലും നിറയാത്ത ഓർമയുടെ കലവറ നമുക്കായി തുറന്നു തന്നിരിക്കുന്നു. മനു ഷ്യജന്മത്തിന്റെ പരിധികളും പരിമിതികളും മറികടന്ന്, നമ്മൾ സാങ്കേതിക സന്നാഹങ്ങളോടെ സഞ്ചരിക്കുന്ന, വിശ്വമാനവനായി വളർന്നിരിക്കുന്നു. അസാധ്യമെന്ന് വാക്ക് നെപ്പോളിയന്റെ മാത്രമല്ല ഒരു സാധാരണ മനു ഷ്യന് നിഘണ്ടുവിൽ നിന്ന് പോലും അപ്രത്യക്ഷമായിരിക്കുന്നു.

കമ്പ്യൂട്ടർ യുഗം പഴമയുടെ പല ശീലങ്ങളെയും ഉടച്ചുവാർത്തിട്ടുണ്ട്, തുടച്ചു മാറ്റിയിട്ടുണ്ട്. ഇലകൾ പൊഴിച്ചുകൊണ്ട് അല്ലാതെ ചരിത്രത്തിന്റെ മഹാവൃക്ഷത്തിന് വളരാനാവില്ല. തളിരിടുന്ന പുതിയ നാമ്പുകൾ അതിനെ ആകാശത്തോളം ഉയർത്തുകതന്നെ ചെയ്യും. കമ്പ്യൂട്ടർ ഫോർമാറ്റ് ചെയ്ത ഈ ആധുനികയുഗത്തിൽ വായനാശീലം ഇല്ലാതായിട്ടുണ്ടോ? അങ്ങനെ പറയാനാവില്ല. വായന മരിച്ചു എന്ന് മുറവിളികൂട്ടുന്നവർ ഉണ്ടായിരിക്കാം, പക്ഷേ സത്യം അങ്ങനെയാണോ? പുസ്തകങ്ങളുടെ കാര്യമെടുത്താൽ, പ്രസാധകർ ഒന്നും അച്ചുകൂടം പൂട്ടി പോയിട്ടില്ല. പിന്നെവിടെയാണ് വായന ഇല്ലാതായത്? ഗ്രന്ഥശാലകൾ പഴയമട്ടിൽ പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശരിയായിരിക്കാം. പക്ഷേ അതിന് പല കാരണങ്ങൾ ഇല്ലേ? നമ്മുടെ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും വന്ന മാറ്റങ്ങൾ കൂടി ഇവിടെ പരിഗണിക്കേണ്ടതില്ലേ?

വായന തികച്ചും വ്യത്യസ്തമായ ഒരു അനുഭവലോകം തന്നെയാണ്. ദൃശ്യമാധ്യമങ്ങളുടെ കുത്തൊഴുക്കിലും, വായന നിലനിൽക്കുന്നത് അതുകൊണ്ടാണ്. ദൃശ്യമാധ്യമങ്ങൾ നമുക്കൊരു സംഭാവനയും നൽകാനാവാത്ത, കാഴ്ചയുടെ വാർപ്പുമാതൃകകൾ പ്രദർശിപ്പിക്കുമ്പോൾ, വായന ഓരോരുത്തർക്കും അവരവരുടെ അഭിരുചിക്കും ഭാവനയ്ക്കും ഇണങ്ങുന്ന തീർത്തും സ്വകീയമായ ഒരു കാഴ്ചയുടെ ലോകം സമ്മാനിക്കുന്നു. സ്വകാര്യമായ, അനുഭൂതികളിൽ കൂടെയുള്ള സ്വൈര സഞ്ചാരമാണ് വായനയെ വ്യത്യസ്തമായ അനുഭവമാക്കുന്നത്.

മാധ്യമങ്ങൾ പലതും മാറി വന്നേക്കാം പക്ഷേ അറിവിനും ആനന്ദത്തിനും ആത്മവിശ്വാസത്തിനും വേണ്ടിയുള്ള മനുഷ്യൻറെ ദാഹം ശമിക്കാത്ത കാലത്തോളം വായന നിലനിൽക്കുകതന്നെ ചെയ്യും. പുസ്തകമില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരം പോലെയാണെന്ന് സിസറോ പറഞ്ഞത് നമുക്ക് ഓർമ്മിക്കാം.

**–ജുവൽ എസ്, 9 A**





# പൊതുവിജ്ഞാനം

1 വയലാർ അവാർഡും ഓടക്കുഴൽ അവാർഡും ലഭിച്ച ആരാച്ചാർ എഴുതിയതാര്?

കെ ആർ മീര

2 ക്ലാസിക്കൽ പദവി ലഭിച്ച ആദ്യ ഇന്ത്യൻ ഭാഷ?

ഹിന്ദി

3 വിവരാവകാശനിയമം ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനമേത്?

പഞ്ചാബ്

4 താജ് മഹലിന് ഏറ്റവും കൂടുതൽ ഭീഷണി ഉയർത്തുന്ന വാതകമേത്?

സൾഫർ ഡയോക്സൈഡ്

5 ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ച രാജ്യമേത്

മെക്സിക്കോ

6 മനുഷ്യൻ ആദ്യമായി കണ്ടുപിടിച്ച ലോഹമേത്?

ചെമ്പ്

7 മനുഷ്യന്റെ തലയോട്ടിയിലെ അസ്ഥികളുടെ എണ്ണം?

22

8 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം?

മുംബൈ

9 ഏറ്റവും കൂടുതൽ ലോക്സഭാ മണ്ഡലങ്ങളുള്ള സംസ്ഥാനം?

മഹാരാഷ്ട്ര

10 രാസവസ്തുവിന്റെ രാജാവ് എന്നറിയപ്പെടുന്ന പദാർത്ഥം?

ഗ്ലിസറിൻ




shutterstock.com • 1079744387

**-ജെസ്‌ലിൻ കെ പ്രിൻസ്.9 D**



# പ്രണയവിലാപം

ശീതളത....... പ്രണയത്തിന്റെ തീഷ്ണത മന്ദമാരുതന് അവളുടെ സിരകളിലേക്കൊഴുക്കി വിട്ടു. പ്രഭാതം അവളുടെ പ്രണയം സാക്ഷാത്കരിക്കാനുള്ള നിമിഷമായി പലപ്പോഴും അവൾക്ക് തോന്നാറുണ്ട്. പ്രണയാതുരമായ എല്ലാത്തിനും അല്പായുസ്സാണല്ലോ? ഹൃദയം പോലെ നിലകൊള്ളുന്ന , ചെറുപ്രാണികളുടെ മടിതട്ടായി മാറാറുള്ള ചേമ്പിലയുടെ പ്രണയം അനസ്യൂതമായി ഒഴുകുകയാണ്. അനർഗളമായി ഒഴുകുന്ന അവളുടെ പ്രണയത്തിന് വെള്ളത്തുള്ളിയിൽ പതിഞ്ഞ മഴവില്ലിന്റെ ചന്തമാണ്. ലോകം മുഴുവൻ ഇരുട്ടിൽ മയങ്ങുമ്പോൾ പ്രണയം പൂവണിയുന്ന സ്വപ്നത്തിരയിൽ മുങ്ങിത്താഴുകയാണവൾ. പ്രഭാതത്തിലെ ആ മഞ്ഞുത്തുള്ളിയോട് അവൾക്ക് അടങ്ങാത്ത പ്രണയമാണ്. അവളുടെ ശിരസ്സിൽ അസ്തമിക്കുന്ന മഞ്ഞുത്തുള്ളിക്കുപോലും അവളുടെ പ്രണയം മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. പലപ്പോഴും പ്രണയം ദിവ്യമാണെന്ന് ഈ ലോകം വിലയിരുത്താറുണ്ട് . എന്നാൽ അവൾക്ക് ദിവ്യതയെക്കാളും അനുഭൂതിയാണ്, ജീവശ്വാസമാണ്, മഞ്ഞുത്തുള്ളിയോടുള്ള പ്രണയം.

ഇരുനില കെട്ടിടത്തിന്റെ മുകളിൽ സ്ഥാനമുറപ്പിച്ച ചേമ്പിലയെക്കാണാൻ മഞ്ഞുതുള്ളിയെന്നും വരുമായിരുന്നു. മുകളിൽ പണികഴിപ്പിച്ച പൂന്തോട്ടത്തിൽ നിന്ന് , അവിടുത്തെ ചെടികളിൽ നിന്നു വീഴുന്ന മഞ്ഞുത്തുള്ളി ക്ഷതമേൽക്കാതെ പതിക്കുന്നത് ചേമ്പിലയുടെ നെറ്റിതടത്തിലാണ്. ചേമ്പിലയെ ചുംബിച്ച മഞ്ഞുതുളളി! മഞ്ഞുതുളളിയുടെ വരവിനെ ചേമ്പില പ്രണയമായി ധരിച്ചു. അവളുടെ സ്വപ്നത്തിൽ എന്നും മഞ്ഞുതുളളിയായിരുന്നു. ലോകത്തെ ഇരുട്ടിൽ നിന്ന് സംരക്ഷിക്കുന്ന സൂര്യപ്രകാശത്തോട് അവൾക്ക് വെറുപ്പാണ്. കാരണം മഞ്ഞുതുളളിയുടെ യാത്രപറച്ചിലിനു കാരണം ആകാശവീഥിയിലെ ആ ചുവന്ന പൊട്ടാണ്. മഞ്ഞുത്തുള്ളിയുടെ വരവിനെ ,സമീപനത്തെ അവൾ പ്രണയമായി ധരിച്ചു. പ്രണയത്താലുള്ള തീഷ്ണ ചടുലതയിൽ ആഴ്നിറങ്ങിയ അവൾക്ക് അതിൽനിന്ന് മുക്തി നേടാൻ നന്നേ പ്രയാസമായിരുന്നു. മഞ്ഞുത്തുള്ളിയെ അന്ധമായി പ്രണയിച്ച ചേമ്പിലയറിഞ്ഞില്ല അവന് പൂവിനോടുള്ള പ്രണയം. ഒരുവേളയിലുള്ള സൗഹൃദ സംഭാഷണത്തിനിടയ്ക്ക് മഞ്ഞുതുള്ളിത്തന്നെയാണ് ചേമ്പിലയോടിക്കാര്യം പറഞ്ഞത്. ഹൃദയം ഭേദിക്കുന്ന കാര്യമാണ് മഞ്ഞുതുള്ളിപ്പറഞ്ഞതെന്നറിഞ്ഞിട്ടും മറുവാക്കുപറയാതെ അവൾ സങ്കടങ്ങൾ ഉള്ളിലൊതുക്കി .

നവമാനവർ തങ്ങളുടെ വീടും പരിസരവും മോടിപിടിപ്പിക്കുന്നതിനു വേണ്ടി മുറ്റത്തിന്റെ ഇടനാഴിയിൽ വളരുന്ന ചെടികളെ ഇഞ്ചിഞ്ചായിക്കൊല്ലുന്നതുപോലെ ചേമ്പിലയേയും കൊന്നു. മഞ്ഞുതുള്ളിയോടുള്ള തന്റെ പ്രണയം പറയാതെ അവനെ ആവോളം സ്നേഹിക്കാൻ കഴിയാതെ ആ പ്രണയിനി എക്കാലത്തേക്കുമുള്ള അന്ധതയിലോട്ട് ആഴ്നിറങ്ങി.....പൂവിനോടു യാത്രപറഞ്ഞ് മഞ്ഞുതുളളി ചേമ്പിലയുടെ അഭാവത്തിൽ ചെന്നുപതിച്ചതു മണ്ണിന്റെ അഗാധഗർത്തത്തിലേക്കാണ്...ചേമ്പിലയുടെ പ്രണയമറിയാതെ ,മനസ്സിലാക്കാതെ അവനും യാത്രയായി. 'മരണത്താൽ സഫലമായ പ്രണയം'. മുകളിൽ ചേമ്പിലയുടെ പ്രണയം മനസ്സിലാക്കിയ പൂവ് അർത്ഥമില്ലാതെ തലയാട്ടുന്നു......


**പി ജെ അനവദ്യ, IX F**


# വരവിരുത്











–ഷിഫാന, 9 D



# സംസ്ഥാനങ്ങളിലെ നൃത്തരൂപങ്ങൾ



കേരളം:-മോഹിനിയാട്ടം,കഥകളി,ഓട്ടൻതുള്ളൽ
തമിഴ്നാട്:-കോലാട്ടം,ഭരതനാട്യം,തെരുക്കൂത്ത്
പഞ്ചാബ്:-ഭാംഗ്ര,ഗിഡ
ഗുജറാത്ത്:- തിപ്ലി, ഗർബ, ഭാവൈ, രാസലീല
ദണ്ഡിയറാസ്
ആന്ധ്രപ്രദേശ്:-കുച്ചിപ്പുടി,കോട്ടം
കർണാടക:-യക്ഷഗാനം
മണിപ്പൂർ:-മണിപ്പൂരി, മഹാരസ്സ, ലായിഹരെബ
ഒഡീഷ:-ബഹാകവാഡ, ഛൗ,ഒഡീസി,ദന്തനാതെ
ആസം:-ബിഹു,അനകിയനാട്,ബജ്ഞാബലി
ജമ്മുകാശ്മീർ:-ഛാക്രി,ഹിക്കാത്തി
രാജസ്ഥാൻ:-ചമർഗിനാഡ്,ഖയാൽ,കായംഗ,ബജവംഗ,ഗാംഗോർ
ജൂഗൽലീല
ഉത്തർപ്രദേശ്:-ഛപ്പേലി,നൗട്ടാങ്കി,കജ്രി
മഹാരാഷ്ട്ര:-ദാഹികല,ലെസിം,തമാശ
ഹിമാചൽപ്രദേശ്:-ലംസ്സി
അരുണാചൽപ്രദേശ്:-വെയ്ക്കിങ്ങ്
മധ്യപ്രദേശ്:-ലൊത്ത,മാഛ,പാണ്ട്യാതി
ബംഗാൾ:-കാഥി,ജാത്ര
ഹരിയാന:-സ്വാങ്ങ്



**–അഖില, 9 A**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs

# വിവരാവകാശ നിയമം

രാജസ്ഥാനിലെ നിരക്ഷരരായ ഗ്രാമീണ സ്ത്രീ തൊഴിലാളി കൾ സംഘടിതമായി നടത്തിയ പോരാട്ടമാണ് വിവരാവകാശത്തെ കുറി ച്ചുള്ള ദേശീയ സംവാദത്തിന് തുടക്കം കുറിച്ചത്.

വിവരാവകാശം എന്നത് ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തിൽ ഉൾപ്പെടുന്നതാണെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനയുടെ 19-ാം അനുച്ഛേദം ആശയപ്രകാശന സ്വാതന്ത്ര്യം പൗരന് നൽകുന്നുണ്ട്. ഈ മൗലികാവകാശം ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ യഥാർത്ഥ വിവരങ്ങൾ അറിയണം. അതിനാൽ അറിയാനുള്ള അവകാശം 19-ാം അനുച്ഛേദത്തിൽ അന്തർലീനമാണ്.



**-അമീന നിസാർ**

IX-D



# ഞാറ്റുവേല

ഭൂമി സൂര്യനെ ചുറ്റുന്ന പ്രദക്ഷിണവഴി അശ്വതി, ഭരണി, കാർത്തിക തുടങ്ങിയ നക്ഷത്രങ്ങളുടെ അടിസ്ഥാനത്തിൽ 27 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഈ ഭാഗങ്ങളാണ് ഞാറ്റുവേലകൾ.ഏകദേശം പതിമൂന്നര ദിവസമാണ് ഒരു ഞാറ്റു വേലയുടെ കാലം. ഞായർ -വേല എന്നീ വാക്കുകളിൽ നിന്നാണ് ഞാറ്റുവേല ഉണ്ടായിരിക്കുന്നത്. ഞായർ എന്നാൽ സൂര്യനെന്നും വേലയെന്നാൽ സമയം എന്നുമാണ് അർത്ഥം.അപ്പോൾ ഞാറ്റുവേല എന്നാൽ സൂര്യന്റെ സമയം. ഒ ന്നിലധികം ഞാറ്റുവേലകൾ ചേർന്നതാണ് ഓരോ മലയാള മാസവും.ഈ ഞാറ്റു വേലകൾ നോക്കിയായിരുന്നു പഴയകാലത്ത് കൃഷിപ്പണികൾ  നടത്തിയി രുന്നത്.

തിരുവാതിര ഞാറ്റുവേലയ്ക്ക് തിരി മുറിയാതെ മഴ എന്നൊരു ചൊല്ലുണ്ട്. തിരുവാതിര ഞാറ്റുവേല കാലത്ത് കോരിച്ചൊരിഞ്ഞ് മഴപെയ്യും എന്നാണ് ഇതിന്റ അർത്ഥം.



**-ജയലക്ഷ്മി വി നായർ**

*9 D*

# നിന്റെ ഓർമ്മകൾ



കവിത



വാക്കുകൾ കൊണ്ടുഞാൻ തീർത്തൊരു രൂപത്തെ
പ്രണയമെന്നാരോവിളിച്ചു............


മിഴിനീർമാത്രം
ബാക്കിയായി എന്റെ പ്രണയ-
മിന്നെങ്ങോമാഞ്ഞുപോയി പ്രണയമെന്നുള്ളത്
നിഴൽമാത്രം തീരാത്തനോവിന്റെകനലുമാത്രം
നിന്റെ ഓർമ്മകളിൽ വീണ് പിടയുന്നു ഞാൻ
എരിയുന്ന വെയിലത്ത് തനിച്ച് നിൽക്കുമ്പോൾ
നിന്റെ ഓർമ്മകൾ കുടപിടിക്കും ആ കുടക്കീഴിൽ

മോഹങ്ങൾ പൂമഴയായ് പെയ്തിറങ്ങും നിറമുള്ള
ഓർമ്മകൾ നീയെനിക്കേകി മഴവില്ല് പോലെ
നീമാഞ്ഞുപോയി മറക്കാൻ കഴിയാതെ മരവി-
ച്ചമനസ്സുമായി   ഈ വഴിയോരത്ത് കാത്തുനിൽപ്പൂ....
ഇവിടെ വിരിഞ്ഞ പൂക്കളും ചോദിപ്പൂ......
ഇന്നും നീ ഈവഴി വന്നതില്ലേ..............
കരയുന്ന കണ്ണിനെ ശാസിച്ചു നിർത്തി ഞാൻ
ഒരു ചെറുപുഞ്ചിരി അവർക്കുനൽകി
*ഒരു ചെറുപുഞ്ചിരി അവർക്കുനൽകി..........*

*ശീതൾ. എസ്   9 D*



# സി.വി.ശ്രീരാമൻ





1933-ൽ തൃശ്ശൂർ ജില്ലയിലെ
ചെറുതുരുത്തിയിൽ ജനിച്ചു.കഥാകൃത്ത്,രാഷ്ട്രീയ
പ്രവർത്തകൻ,അഭിഭാഷകൻ. കേരള
സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ,കേന്ദ്ര സാഹിത്യ അക്കാദമി
അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത്,
ബ്ളോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്
വാസ്തുഹാര,ക്ഷുരസ്യധാര,ഓർമ്മച്ചെപ്പ്, ദുഃഖിതരുടെദുഃഖം
,പുറംകാഴ്ചകൾ,ചക്ഷുശ്രുവണഗളസ്ഥമാം തുടങ്ങിയവ കൃതികൾ.
കേന്ദ്ര – കേരള സാഹിത്യ അക്കാദമി
അവാർഡുകൾ ലഭിച്ചിട്ടുണ്ട്.2007-ൽ അന്തരിച്ചു.

**ഫാത്തിമ. 9 D**



# മഹാകവി വള്ളത്തോൾ



ആശാന്റെ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച് വള്ളത്തോളും ഖണ്ഡകാവ്യ രചനയിലൂടെ പ്രശസ്തനായി .വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾക്ക് പുരാണകഥകളുമായുബന്ധസന്ധമുണ്ടെങ്കിലും ചർവ്വിതചർവ്വണ സ്വഭവം അവയ്ക്കില്ല കവി തന്റെ ഭാവനയിലൂടെ കഥാബീജത്തെ സംസ്ക്കരിച്ചെടിത്ത് ഉദാത്തവകത്ക്കരിക്കുകയാണ് ചെയ്യുത്.

ബന്ധനസ്ഥനായ അനിരുദ്ധനും അച്ഛനും മകളും ശിഷ്യനും മകനും മഗ്ദലനമറിയവും കവിയുടെ പ്രതിഭാസ്പർശം കൊണ്ട് മികച്ചു നിൽക്കുന്നു. അസാധാരണമായ കവിത്വശക്തിതകൊണ്ട് അനുഗൃഹീതനായിരുന്നു അദ്ദേഹം. മാത്രമല്ല മനുഷ്യന്റെ ലോലവും മധുരവുമായ ഭാവങ്ങളെ ഒപ്പിയെടുത്ത് മികവോടെ ആവിഷ്കരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. എന്റെ ഗുരുനാഥൻ കർമ്മഭൂമിയുടെ പിഞ്ചുകാൽ എന്നീ ലഘുകവിതകളിൽ നിറഞ്ഞു നിൽക്കുന്നത് കവിയുടെ ദേശാഭിമാനമാണ്.

ഗൗരി പാർവ്വതി. 9 D

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs

# കടങ്കഥകൾ

- അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി ? ( മുഖം )
- അകന്നു നിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും (ക്യാമറ)
- അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു ( കുരുമുളക്)

അക്കരെ നിൽക്കും കൊമ്പൻകാളയ്ക്കു അറുപത്തിനാലു മുടിക്കയറ്
കുമ്പവള്ളി

- അടയ്ക്കും തുറക്കും മണിമുത്തിൻ പത്തായം ( കണ്ണ് )
- അടി പാറ നടു വടി തല കാട് (ചേന)
- അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല് (ചിരവ)
- ആകാശത്തൊരു പഞ്ഞികിടക്ക. ( മേഘം)

അർഷിദ് 9 C





# തെങ്ങിന്റെ സ്വദേശം

## തെങ്ങ് ഏത് നാട്ടുകാരനാണ് ?

*ഈ ചോദ്യത്തിന് കൃത്യമായി ഉത്തരം പറയുക ബുദ്ധിമുട്ടാണ്. കാരണം,ഇതു സംബന്ധിച്ച് ഒട്ടനവധി വാദങ്ങൾ നിലവിലുണ്ട്.കിഴക്കും തെക്കും തെക്ക-കിഴക്കൻ ഏഷ്യയും ഉൾപ്പെടുന്ന ഇന്തോ-മലയൻ പ്രദേശങ്ങളിൽ എവിടെയെങ്കിലുമാകാം തെങ്ങിന്റെ ഉദ്ഭവം എന്നാണ് പരക്കെ അംഗീകരിക്കപ്പെട്ട വാദം.*

# തേങ്ങ ഞങ്ങൾക്ക് പുല്ലാണേ....

വെറും പല്ലുകൊണ്ട് തേങ്ങ പൊതിച്ച് ഗിന്നസ് ബുക്കിൽ കയറി പറ്റിയ ഒരു വിരുതൻ ഇന്ത്യയിലുണ്ട് ;തമിഴ് നാട്ടുകാരനായ രാമൻ ആണ്ടിയപ്പൻ.2001-ൽ വെറും 37.67 സെക്കന്റിലാണ് അദ്ദേഹം ഒരു തേങ്ങ കടിച്ചുപൊട്ടിച്ചത്.*ഒരു മിനിറ്റിൽ 85 കരിക്കുകൾ തലകൊണ്ടടിച്ചു പൊട്ടിച്ച് ഗിന്നസ് റെക്കോഡിട്ട വ്യക്തിയാണ് ഭുവനേശ്വറിലെ കേശബ് സ്വെയ്ൻ. 2012-ലായിരുന്നു ഈ പ്രകടനം.*

*അഞ്ജന.ജെ 9 D*

Kerala Infrastructure and Technology for Education Presents



# കേരളത്തിലെ പുതുവർഷം

**മേ**ടമാസത്തിലെ വിഷുവും ചിങ്ങമാസത്തിലെ ഒന്നാം തീയതിയും മലയാളികൾ പുതുവർഷമായി ആഘോഷിക്കാറുണ്ട് കൊല്ലവർഷത്തിലെ പന്ത്രണ്ട് മാസങ്ങളിൽ ഒൻപതാമത്തെ മാസമാണ് മേടം. എന്നാൽ ജ്യോതിഷമനുസരിച്ചുള്ള പന്ത്രണ്ട് രാശികളിൽ മേടം ഒന്നാമതാണ്. അതുകൊണ്ടുതന്നെ പുരാതനകാലത്ത് മേടമാസം മുതലായിരുന്ന വർഷാരംഭം. എ ഡി എണ്ണൂറ്റി ഇരുപത്തി അഞ്ചിൽ കൊല്ലവർഷം പിറന്നതോടെ അതിലെ ആദ്യമാസമായ ചിങ്ങം വർഷാരംഭമായി ആഘോഷിക്കാൻ തുടങ്ങി. ഇത് ക്രിസ്തുവർഷത്തിലെ ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലാണ് വരിക. വടക്കൻ കേരളത്തിൽ കന്നിമാസം ഒന്നാം തിയതിയാണ് ***പുതുവത്സാരംഭം***!

**മേടമാസത്തിലെ പുതുവർഷാഘോഷമാണ് വിഷു. ഇംഗ്ലീഷ് മാസം കണക്കാക്കി നോക്കിയാൽ ഏപ്രിൽ മാസത്തിന്റെ പകുതിയോടെയാണ് മേടമാസത്തിന്റെ വരവ്. അന്നേ ദിവസം കൃഷ്ണ വിഗ്രഹത്തോടൊപ്പം കണിക്കൊന്നപ്പൂവും ധാന്യവും പഴവർഗ്ഗങ്ങളും കണിവെക്കുന്നത് പതിവാണ്. ഐശ്വര്യ സമൃദ്ധമായ ഒരു വർഷമുണ്ടാകാൻ വേണ്ടിയാണ് ഈ കണി കാണുന്നത്. കണി കണ്ടതിനുശേഷം മുതിർന്നവർ കുട്ടികൾക്കും മറ്റുള്ളവർക്കും കൈനീട്ടം നൽകും. വിഷുകൈനീട്ടം എന്നാണ് ഇത് അറിയപ്പെടുന്നത്.**

**ഐശ്വര്യ.ഡി 9 D**

# നന്ദി

## മാഗസിന്റെ പൂർത്തീകരണത്തിനായി സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

എഡിറ്റർ

